ഉത്തരം

(എ) മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ വകുപ്പിലോ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ ലഭ്യമായിട്ടില്ല.

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5, 6, 10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്തിട്ട് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതു വിദ്യാഭ്യാസ ഡയറക്ടറും കൂടി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ 25-8-2014 തീയതിയിലെ 14735/ഡി1/2014 പൊ.വി.വ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള സ്കൂൾ മാപ്പിംഗ്, അടിസ്ഥാന സൗകര്യം പരിശോധിക്കുക തുടങ്ങിയവ ആരംഭിക്കുവാൻ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടത്തി നോക്കിയതിനുശേഷം മാത്രമേ പദ്ധതിയുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും പാചക തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ.

(സി) 11-8-2015-ലെ സ.ഉ. (കൈ) നമ്പർ 217/15/പൊ.വി.വ. പ്രകാരം സ്കൂൾ പാചകതൊഴിലാളികളുടെ പരമാവധി വേതനം 300 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിച്ച് ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തു നിലവിൽ 13664 പാചകതൊഴിലാളികൾ ജോലി ചെയ്യുവരുന്നു. അതിൽ 506 തൊഴിലാളികൾക്ക് മാത്രമേ ബാങ്ക് അക്കൗണ്ട് നിലവിലുള്ളൂ. അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ പാചക തൊഴിലാളികൾക്കുമുള്ള ആനുകൂല്യം ബാങ്ക് മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആശ്വാസ് പദ്ധതി**

46(1099) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് കല, കായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനായി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ആശ്വാസ് പദ്ധതി. വിവിധ ജില്ലകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഗസ്റ്റ് അദ്ധ്യാപക വേതനം

47(1100) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി പൊതുവിദ്യാഭ്യാസ (ഗ1) വകുപ്പിലുള്ള 48404/ഗ1 2/15/പൊ.വി.വ. നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് എയ്ഡഡ് ഹയർ സെക്കണ്ടറി ഗസ്റ്റ് അധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(ഡി) ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ജൂനിയർ/സീനിയർ ദിവസ വേതനം എത്രയെന്ന് കൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 6-8-2015-ലെ HRMP No. 7498/14/KNR പരാതിയിലെ ഉത്തരവിൻ പ്രകാരമാണ് 48404/ഗ12/15 പൊ.വി.വ. നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്. 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly